**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 251** **16-09-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലാ അമ്മയും കുഞ്ഞും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലാ അമ്മയും കുഞ്ഞും ആശുപത്രിയിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫുകളും ഇല്ലാത്ത കാരണത്താൽ രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കാമോ; | (എ) | പാലക്കാട് അമ്മയും കുഞ്ഞും ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് തസ്തിക വിരമിക്കൽ മുഖേന ഒഴിഞ്ഞു കിടക്കുകയാണ്. പ്രസ്തുത തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>അഡ്ഹോക് വ്യവസ്ഥയിലും ജോലിക്രമീകരണ വ്യവസ്ഥയിലും ജീവനക്കാരെ നിയമിച്ച് രോഗികൾക്ക് സേവനം ലഭ്യമാക്കുന്നു. |
| (ബി) | പുതിയ കെട്ടിട നിർമ്മാണത്തിന് രണ്ട് കോടി രൂപ അനുവദിച്ചത് അപര്യാപ്തമാണ് എന്ന കാരണത്താൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ തുക അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | (ബി) | പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചു വരുന്നതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ